# കേരളസർവകലാശാല

നം.പി.ആർ.56/2023

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല മാർച്ച് 22ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2019 സ്കീം റെഗുലർ – എസ്.എൽ.സി.എം (2019 സ്കീം സപ്ലിമെന്ററി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ (ഡാൻസ്) ജനുവരി 2023 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 മാർച്ച് 21, 22 തീയതികളിൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി പരീക്ഷ ഡിസംബർ 2022 (2008 സ്കീം, 2013 സ്കീം ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിൽ 4 ന് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ (റെഗുലർ, സപ്ലിമെന്ററി & മേഴ്സി ചാൻസ്) ബി.കോം (റെഗുലർ & സപ്ലിമെന്ററി) ബി.ബി.എ (റെഗുലർ & സപ്ലിമെന്ററി) എൽ.എൽ.ബി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷ ഫലം

കേരളസർവകലാശാല നടത്തിയ നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ ഓഗസ്റ്റ് 2022 ഡിഗ്രി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്ലൈനായി മാർച്ച് 25 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ച് മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു ഡിസാസ്റ്റർ മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2023 മാർച്ച് 26. പരിശോധനയ്ക്കുള്ള അപേക്ഷ എസ്.എൽ.സി.എം (www.slcm.keralauniversity.ac.in) ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ് അപേക്ഷ ഫീസ് എസ്.എൽ.സി.എം ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ സർവകലാശാലയുടെതുൾപ്പടെ മറ്റൊരു മാർഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ (വിദൂര വിദ്യാഭ്യാസം – റെഗുലർ 2019 അഡ്മിഷൻ & സപ്ലിമെന്ററി – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 17ന് ആരംഭിക്കും പിഴകൂടാതെ മാർച്ച് 25 വരെയും 150 പിഴയോടുകൂടി മാർച്ച് 29 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 31 വരെയും അപേക്ഷിക്കാവുന്നതാണ്.വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

<u>പ്രാക്ടിക്കൽ</u>

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷ 2023 മാർച്ച് 23 മുതൽ 28 വരെ അതാത് കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി നവംബർ 2022 പ്രാക്ടിക്കൽ പരീക്ഷയുടെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ബ്രാഞ്ചിന്റെ (412) അനലോഗ് ഇന്റെഗ്രേറ്റഡ് സർക്യൂട്ട് ലാബ്, ഡിജിറ്റൽ ഇന്റെഗ്രേറ്റഡ് സർക്യൂട്ട് ലാബ് എന്നിവയും ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ബ്രാഞ്ചിന്റെ (411) ഡിജിറ്റൽ സർക്യൂട്ട്സ് ലാബും 2023 മാർച്ച് 24 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ വച്ച് നടത്തുന്നതാണ് വിശദ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്

തിരുവനന്തപുരം,
16.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**